പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2679

17.10.2016-ൽ മറുപടിയ്ക്ക്.

## വാഹനാപകടങ്ങളിൽപ്പെട്ടവർക്ക് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ശശി | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടിപ്പറുകൾ മുതലായ ചരക്കുവാഹനങ്ങളുടെ അശ്രദ്ധമായ മത്സര ഓട്ടങ്ങൾ മൂലം എത്ര പേർ അപകടത്തിൽ മരണപ്പെട്ടു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (25.05.2016 മുതൽ 09.10.2016 വരെ) ടിപ്പറുകൾ മുതലായ ചരക്കു വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളിൽ 179 പേർ മരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | 25.05.2016 മുതൽ 09.10.2016 വരെ ഉണ്ടായ ചരക്കു വാഹനാപകടങ്ങളിൽ മരിച്ച എണ്ണം |
|---|---|
| തിരുവനന്തപുരം സിറ്റി | 3 |
| തിരുവനന്തപുരം റൂറൽ | 7 |
| കൊല്ലം സിറ്റി | 6 |
| കൊല്ലം റൂറൽ | 9 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 22 |
| കോട്ടയം | 4 |
| ഇടുക്കി | 1 |
| എറണാകുളം സിറ്റി | 16 |
| എറണാകുളം റൂറൽ | 14 |
| തൃശ്ശൂർ സിറ്റി | 5 |
| തൃശ്ശൂർ റൂറൽ | 6 |
| പാലക്കാട് | 16 |
| മലപ്പുറം | 31 |

| | |
|---|---|
| കോഴിക്കോട് സിറ്റി | 9 |
| കോഴിക്കോട് റൂറൽ | 7 |
| വയനാട് | 3 |
| കണ്ണൂർ | 18 |
| കാസർഗോഡ് | 1 |
| ആകെ | 179 |

(ബി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അതിനു കാരണക്കാരായ വാഹന ഉടമകളിൽ നിന്നും ധനസഹായം ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ഇതുവഴി എത്ര തുകയുടെ സഹായം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ :

(ബി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് വാഹന ഉടമകളിൽ നിന്നും ഈടാക്കി ധനസഹായം നൽകുന്നതിന് വ്യവസ്ഥയില്ല.

(സി) ഇവരിൽ അശരണരായ കുടുംബങ്ങൾക്ക് സർക്കാർ ധനസഹായമായി എത്ര തുക നൽകിയെന്നും അത് ആർക്കെല്ലാം ലഭ്യമായി എന്നും വിശദീകരിക്കുമോ ?

(സി) അപകടത്തിൽപ്പെടുന്നവർക്കുള്ള ചികിത്സാ സഹായത്തിനു പുറമേ ദാരുണ മരണം സംഭവിക്കുന്ന കേസുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വ്യവസ്ഥകൾക്ക് അനുസൃതമായി ഓരോ ലക്ഷം രൂപ വീതം നൽകി വരുന്നുണ്ട്. വിശദ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ